പതിനഞ്ചാം കേരളനിയമസഭ
ഏഴാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
07-12-2022

നിയമനിർമ്മാണം

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

2022 ഡിസംബർ 07-ാംാം തീയതി നിയമനിർമ്മാണകാര്യത്തിൽ 2022-ലെ കേരള സർവ്വകലാശാല നിയമങ്ങൾ ഭേദഗതി (2-ാംാം നമ്പർ) ബിൽ, 2022-ലെ കേരള സർവ്വകലാശാല നിയമങ്ങൾ ഭേദഗതി (3-ാംാം നമ്പർ) ബിൽ എന്നിവയുടെ അവതരണവേളയിൽ 2-ാംാം നമ്പർ ബില്ലിലെ ഖണ്ഡം 2 പ്രകാരം ചാൻസലറുടെ താൽക്കാലിക ഒഴിവിൽ പ്രോ-വൈസ്-ചാൻസലർക്ക് ചാൻസലറുടെ ചുമതല നൽകാമെന്ന് വ്യവസ്ഥ ചെയ്തത് 2018-ലെ യു.ജി.സി. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ അത് നിലനിൽക്കുകയില്ലെന്നും യൂണിവേഴ്സിറ്റി ഫണ്ടിൽനിന്നും ചാൻസലർക്ക് പുതിയ സംവിധാനങ്ങളൊരുക്കുന്നതിന് അധികച്ചെലവ് വരുമെന്നതിനാൽ ഈ ക്ലോസ് ഉൾപ്പെടുത്താത്ത ധനകാര്യ മെമ്മോറാണ്ടം അപൂർണ്ണമാണെന്നും സർക്കാർ നിയമിക്കുന്ന ചാൻസലർ പ്രോ-വൈസ്-ചാൻസലർ ആയിട്ടുള്ള മന്ത്രിക്ക് അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്യുന്നതിൽ അവ്യക്തത നിലനിൽക്കുന്നുണ്ടെന്നും സ്റ്റാറ്റ്യൂട്ടറിയായി ഗവർണർക്ക് നൽകിയിരിക്കുന്ന അധികാരം പിൻവലിക്കാനുള്ള അവകാശം നിയമസഭയ്ക്കുള്ളപ്പോൾ ഗവർണറെ ചാൻസലർ പദവിയിൽനിന്ന് മാറ്റുന്നതിനായി പകരം കൊണ്ടുവരുന്ന സംവിധാനം കൂറ്റമറ്റതാകണമെന്നും വിദ്യാഭ്യാസ യോഗ്യത, പ്രായപരിധി എന്നിവ നിശ്ചയിക്കാതെയും

നടപടിക്രമങ്ങൾ പാലിക്കാതെയും നിയമനം നടത്തുന്നതിനുള്ള വ്യവസ്ഥ സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം നഷ്ടപ്പെടുത്തുന്നതുമാകയാൽ പ്രസ്തുത ബിൽ പിൻവലിച്ച് സമഗ്രമായ പുതിയ ബിൽ കൊണ്ടുവരേണ്ടതാണെന്ന് പ്രതിപക്ഷനേതാവും ഭാവിയിൽ നിയമപ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുള്ള ബില്ലെന്നതിനാൽ വകുപ്പുതിരിച്ചുള്ള ചർച്ചയ്ക്ക് മുമ്പ് അഡ്വക്കേറ്റ് ജനറലിന് സഭയിൽ നിയമപ്രശ്നങ്ങൾ വിശദീകരിക്കാൻ അവസരമൊരുക്കണമെന്നും ഉന്നതവിദ്യാഭ്യാസത്തിന്റെ സ്വയംഭരണാവകാശം തകർത്ത് ചാൻസലറിലൂടെ രാഷ്ട്രീയ ഇടപെടൽ നടത്താനുള്ള ശ്രമമാണ് ബില്ലിലൂടെ നടത്തുന്നതെന്നും പ്രതിപക്ഷത്തെ ചില അംഗങ്ങളും ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

സ്റ്റേറ്റ് ലിസ്റ്റിൽപ്പെടുന്ന യൂണിവേഴ്സിറ്റികളിൽ റെഗുലേഷനുണ്ടാക്കാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ടെന്നും ഭരണഘടന നൽകിയ അധികാരമുപയോഗിച്ചാണ് സംസ്ഥാന നിയമസഭകൾ നിയമം നിർമ്മിക്കുന്നതെന്നും സുപ്രീംകോടതി വിധിപ്രകാരം യു.ജി.സി. റെഗുലേഷൻ നിയമത്തിന്റെ ഭാഗമാണെന്ന് കണക്കാക്കിയാൽ സർവ്വകലാശാലകളിലെ നിയമനങ്ങളിലും പെൻഷൻ പ്രായത്തിലും യു.ജി.സി. മാനദണ്ഡം സ്വീകരിക്കേണ്ടിവരുമെന്നും യു.ജി.സി. റെഗുലേഷൻസ് കേന്ദ്ര സർവ്വകലാശാലകൾക്ക് മാൻഡേറ്ററിയും സംസ്ഥാന സർവ്വകലാശാലകൾക്ക് ഡയറക്ടീവും പാർഷ്യലി മാൻഡേറ്ററിയുമാണെന്നും കേന്ദ്ര-സംസ്ഥാന സർവ്വകലാശാലകൾക്ക് ഒരുപോലെ മാൻഡേറ്ററിയാണെന്നുമുള്ള സുപ്രീംകോടതി വിധികളുണ്ടെന്നും ബില്ലിന്റെ ഭാഗമായി ആവർത്തനച്ചെലവുകളോ മറ്റ് ചെലവുകളോ വരാത്തതിനാലാണ് ധനകാര്യ മെമ്മോറാണ്ടം ഉൾപ്പെടുത്താതിരുന്നതെന്നും ഗവർണറുടെ അനുമതിയോടെയാണ് ബിൽ അവതരിപ്പിച്ചിട്ടുള്ളതെന്നും ഇതര സംസ്ഥാന സർവ്വകലാശാലകളിലുള്ളതുപോലെ പ്രോ-വൈസ് ചാൻസലർക്കുള്ള അധികാരം മാത്രമാണ് ഈ ബില്ലിലൂടെ വകുപ്പുമന്ത്രിക്ക്

നൽകിയിട്ടുള്ളതെന്നും ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി+.

"സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളോടൊപ്പംതന്നെ ധനകാര്യ മെമ്മോറാണ്ടംനിർബന്ധമായും ചേർക്കേണ്ടത് സംബന്ധിച്ച് നിരവധി റൂളിംഗുകൾ മുൻകാലങ്ങളിലുണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളിൽ ധനകാര്യ മെമ്മോറാണ്ടം നിർബന്ധമായും ഉൾപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. ഈ ബില്ലുകളിലെ ധനകാര്യ മെമ്മോറാണ്ടം യാഥാർത്ഥ്യ ബോധത്തോടെയാണ് തയ്യാറാക്കിയിരിക്കുന്നതെന്ന സർക്കാർ നിലപാടിനെ മുഖവിലയ്ക്കെടുക്കുകയാണ്. യു.ജി.സി. ഗൈഡ് ലൈനിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമനിർമ്മാണം നടത്തിയാൽ അത് ഭരണഘടനയുടെ അനുച്ഛേദം 254-ന്റെ പരിധിയിൽ വരുമോ എന്നത് സംബന്ധിച്ച് കോടതിവിധികൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച നിയമപോരാട്ടം തുടരുകയാണ്. സഭയുടെ നിയമനിർമ്മാണാധികാരത്തെ അവയൊന്നും ദുർബലപ്പെടുത്തുന്നതായി കരുതാനാവില്ല. ബില്ലിൽ ഉൾപ്പെട്ടിട്ടുള്ളതായി ആശങ്കപ്പെടുന്ന വൈരുദ്ധ്യങ്ങൾ സബ്ജക്ട് കമ്മിറ്റി തലത്തിൽ വിശദമായി ചർച്ച ചെയ്ത് പരിഹരിക്കുവാൻ കഴിയുമെന്നതിനാൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല."

+